ഭരണഭാഷ – മാതൃഭാഷ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
## തിരുവനന്തപുരം

**നമ്പർ. DTETVM/5671/2024-EA2 (EA)** **തീയതി: 13-02-2025**

**<u>പരിപത്രം</u>**

**വിഷയം:-** **വിദ്യാഭ്യാസം– സാങ്കേതികം– മാലിന്യ മുക്ത നവകേരളം, ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നത് (POSH ACT - 2013) എന്നിവ സംബന്ധിച്ച 10-02-2025-ൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നത്- സംബന്ധിച്ച്.**

സൂചന :- സർക്കാരിൽ നിന്നുള്ള കത്ത് നമ്പർ: **K3/203/2024-HEDN** തീയതി: **12.02.2025.**

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാലിന്യമുക്തം നവകേരളം, ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നത് (**POSH ACT - 2013**) എന്നിവ സംബന്ധിച്ച ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അവലോകനയോഗത്തിലെ തീരുമാന പ്രകാരം ചുവടെ പറയുന്ന നടപടികൾ അടിയന്തരമായി ഈ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.

1. മാലിന്യമുക്ത നവകേരളവുമായി ബന്ധപ്പെട്ടുള്ള ഗ്യാപ് അനാലിസിസ് അസ്സെസ്സ്മെന്റ് ക്യാമ്പെയിൻ നിർദ്ദേശങ്ങൾ കൃത്യമായി അടിയന്തിരമായി നടപ്പിലാക്കണം.
2. ഹരിത ഓഫീസുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിന്നും നൽകിയിട്ടുള്ള പ്രൊഫോർമ (ഗൂഗിൾ ഫോം) അപ്ഡേറ്റ് ചെയ്ത് സമർപ്പിക്കണം.
3. മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള വിവിധ നിറത്തിലുള്ള ബിന്നുകൾ ആവശ്യാനുസരണം എല്ലാ സ്ഥാപനങ്ങളിലും അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.
4. തദ്ദേശ സ്വയംഭരണ വകുപ്പിൻ്റെ **3-10-2024** ലെ ജി.ഒ(ആർ.ടി) നം. **1844/2024/LSGD** നം ഉത്തരവിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ കൃത്യമായും അടിയന്തിരമായും നടപ്പാക്കേണ്ടതാണ്.
5. എല്ലാ ക്യാമ്പസുകളും ഫെബ്രുവരി **28** നകം **100** ശതമാനം മാലിന്യമുക്തമാക്കേണ്ടതും ഇവ ഹരിത ക്യാമ്പസ് ആയി പ്രഖ്യാപിക്കേണ്ടതാണ്.

**6.** സ്വാശ്രയ കോളേജുകളിൽ, നിർദ്ദേശിച്ച പ്രകാരമുള്ള മാലിന്യമുക്ത പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
**7.** ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി എല്ലാ സ്ഥാപനങ്ങളിലും **Internal Complaint Committee-** കൾ രൂപീകരിക്കേണ്ടതും **POSH Compliance Portal (https://posh.wcd.kerala.gov.in)** രജിസ്റ്റർ ചെയ്യേണ്ടതുമാണ്.
**8.** കോളേജുകളിലും, ഹോസ്റ്റലുകളിലും മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം പൂർണ്ണമായി ഇല്ലാതാക്കുവാനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും അടിയന്തരമായി പാലിക്കേണ്ടതാണ്.

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 13-02-2025 16:37:49